## ക്വട്ടേഷൻ നോട്ടീസ്

ലൈഫ് മിഷൻ എറണാകുളം ജില്ലാ കോർഡിനേറ്ററുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ കാർ ലഭ്യമാക്കാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. കാർ ടാക്സി രജിസ്ട്രേഷൻ ഉള്ളതായിരിക്കണം.
2. 2016 അല്ലെങ്കിൽ അതിനു ശേഷമുള്ള മോഡൽ ആയിരിക്കണം.
3. സ്വിഫ്റ്റ് ഡിസയർ,ടൊയോട്ടോ എറ്റിയോസ്, മഹീന്ദ്ര വെരിറ്റോ എന്നിവ അഭികാമ്യം
4. പ്രതിമാസം ഓടാവുന്ന പരമാവധി ദൂരം 2000 കി.മി.
5. എല്ലാ ദിവസവും വാഹനം ലഭ്യമാക്കേണ്ടതാണ്.
6. പ്രതിമാസം 2000 കി.മി ഓടുന്നതിന് ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ കാണിക്കണം. മൂന്നു മാസത്തെ ക്വാർട്ടറിൽ അധികരിക്കുന്ന യാത്രയ്ക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ വാടക അധിക കിലോമീറ്ററിന് നൽകുന്നതാണ്. ഏതെങ്കിലും ഒരു മാസം വാഹനം അധിക ദൂരം/സമയം ഉപയോഗിക്കുകയാണെങ്കിൽ അധികം സഞ്ചരിച്ച ദൂരം (കിലോമീറ്ററിൽ) തൊട്ടടുത്ത മാസത്തിൽ കണക്കാക്കി മൂന്നു മാസത്തെ ക്വാർട്ടറിൽ ക്രമീകരിക്കുന്നതാണ്.
7. ഡ്രൈവറുടെ വേതനം, ഇന്ധനം, മെയിന്റനൻസ് എന്നിവയെല്ലാമുൾപ്പെടെ ആയിരിക്കണം ആവശ്യപ്പെടുന്ന പ്രതിമാസ വാടക.
8. ഒരു വർഷത്തേക്കാണ് വാഹനം ലഭ്യമാക്കേണ്ടത്.
9. ജില്ലാ കോർഡിനേറ്ററുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
10. ക്വട്ടേഷനുകൾ ഒട്ടിച്ച കവറിൽ "വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ " എന്ന മേലെഴുത്തോടുകൂടി 31.12.2024 ന് വൈകുന്നേരം 3 മണിക്ക് മുമ്പായി ജില്ലാ കോർഡിനേറ്ററുടെ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 4 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.
11. വാഹനത്തിന്റെ ആർ,സി.ബുക്ക്, പെർമിറ്റ്, ഇൻഷുറൻസ്, ടാക്സ് ടോക്കൺ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
12. ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുവാൻ ജില്ലാ കോർഡിനേറ്റർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കോർഡിനേറ്റർ
ലൈഫ് മിഷൻ ജില്ലാ ഓഫീസ്,സിവിൽ സ്റ്റേഷൻ,
കാക്കനാട്,എറണാകുളം-682030

**ക്വട്ടേഷൻ മാതൃക**

| വാഹനത്തിന്റെ മോഡൽ,വർഷം | മാസകരാർ വേതനം (2000 കി.മീ) | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ടാക്സി പെർമിറ്റ് നമ്പർ |
|---|---|---|
| | | |
| | | |

ഒപ്പ്:

വാഹന ഉടമയുടെ പേര്:

സ്ഥലം:
വിലാസം:

തീയതി:
ഫോൺ നമ്പർ: